I/181645/2024

**<u>ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

**ഹാജർ : സുപിൻ വി. കെ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ പട്ടികവർഗ്ഗ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമിതയായി പ്രീ-എൻടി പരിശീലനം വിജയകരമായി പൂർത്തിയാക്കിയ കുമാരി. ആതിര പി.ഡി.യെ ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ 35,600-75,400 രൂപാ ശമ്പള സ്കെയിലിൽ കോട്ടയം ജില്ലയിലെ പാമ്പാടി ക്ഷീരവികസന യൂണിറ്റിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/3065/2022-E1 തിരുവനന്തപുരം,

തീയതി: 18-06-2024

---

പരാമർശം:- 1. സർക്കാർ ഉത്തരവ് (അച്ചടി) നം. 20/2013/ധന., തീയതി: 07.01.2013.

2. സർക്കുലർ നം. 7/2014/ധന., തീയതി: 06.02.2014.

3. കേരള പബ്ളിക് സർവ്വീസ് കമ്മിഷനിൽ നിന്നുള്ള 07.09.2023 ലെ എസ്.ആർ 2-4/50029/2018-KPSC നമ്പർ കത്ത്.

4. ഈ കാര്യാലയത്തിൽ നിന്നുള്ള 05.10.2023 ലെ DDDKER/3052/2022-E1 നമ്പർ ഉത്തരവ്.

5. കോട്ടയം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാളിന്റെ 10.06.2024 ലെ DTCKTM/79/2024-C നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മേൽപരാമർശം (1) പ്രകാരം പട്ടിക വർഗ്ഗ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ അഡ്വൈസ് ചെയ്യപ്പെട്ട കുമാരി. ആതിര പി.ഡി.യെ മേൽപരാമർശം (2) ലെ ഉത്തരവ് പ്രകാരം 8 മാസ പ്രീ-എൻടി പരിശീലനത്തിനായി കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ നിയോഗിച്ച് ഉത്തരവായിരുന്നു. ടിയാൾ പ്രീ-എൻടി പരിശീലനം വിജയകരമായി പൂർത്തിയാക്കിയ വിവരം മേൽപരാമർശം (5) ലെ കത്ത് പ്രകാരം കോട്ടയം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ടിയാളെ താഴെപ്പറയുംവിധം ക്ഷീരവികസന യൂണിറ്റ് കാര്യാലയത്തിൽ 25,200-54,000 (പഴയ സ്കെയിൽ), 35,600-75,400 (പുതിയ സ്കെയിൽ) രൂപാ ശമ്പള സ്കെയിലിൽ ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഡെയറി ഫാം ഇൻസ്ട്രക്ടറുടെ പേരും മേൽവിലാസവും | നിയമിക്കപ്പെടുന്ന കാര്യാലയം, ജില്ല | റിപ്പോർട്ടിംഗ് ഓഫീസർ |
|---|---|---|---|
| 1 | ആതിര പി.ഡി.<br>(ATHIRA P.D.)<br>പ്ളാക്കൽ, | പാമ്പാടി<br>ക്ഷീരവികസന യൂണിറ്റ്, | ക്ഷീരവികസന ഓഫീസർ, |

| | | | |
|---|---|---|---|
| | പുഞ്ചവയൽ പി.ഒ.,<br>കോട്ടയം,<br>പിൻ - 686 513 | കോട്ടയം | പാമ്പാടി ക്ഷീരവികസന യൂണിറ്റ്. |

ടി നിയമനം താൽക്കാലികവും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ പാർട്ട് 2 പൊതുചട്ടം 9 (എ) (1), 10 (ബി) -ന് വിധേയമായിരിക്കും. ടി താൽക്കാലിക നിയമനം ക്രമീകരിക്കുന്നത് സർക്കാരുദ്യോഗത്തിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരാണെന്ന പൊലീസ് അന്വേഷണ റിപ്പോർട്ടിന്റെയും പി.എസ്.സി. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും. ടി റിപ്പോർട്ട് എതിരായാൽ ടി താൽക്കാലിക നിയമനം യാതൊരു അറിയിപ്പും കൂടാതെ റദ്ദാക്കുന്നതാണ്. നിയമന ശുപാർശയും നിയമനവും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് പാർട്ട് 2 പൊതുചട്ടങ്ങളിലെ 3 (സി) ചട്ടത്തിന് വിധേയമായിരിക്കും.

ഈ ഉത്തരവ് പ്രകാരം നിയമനം ലഭിക്കുന്ന വ്യക്തി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം നിയമാനുസൃതം നിരീക്ഷണത്തിലായിരിക്കും. കൂടാതെ, കെ.എസ്.ആർ. പാർട്ട് 1 റൂൾ 22, 22 എ, 22 ബി എന്നിവ പ്രകാരം ജനറൽ പ്രോവിഡന്റ് ഫണ്ട്, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ പദ്ധതികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ വരിക്കാരാകേണ്ടതുമാണ്.

ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിച്ച് 7 ദിവസത്തിനുള്ളിൽ ഓഫീസ് തലവൻ മുഖേന ട്രഷറി ഓഫീസർക്ക് PRAN ലഭിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതുമാണ്. ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ താഴെപ്പറയുന്ന പ്രമാണങ്ങളുടെ അസ്സൽ, പകർപ്പുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ.
2. പ്രീ-എൻടി പരിശീലനം നടന്ന ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാളിന്റെ വിടുതൽ ഉത്തരവ്.

Signed by
SUPIN V K A S
Date: 18-06-2024 13:08:55

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ K.A.S.**

To:- ബന്ധപ്പെട്ട ജീവനക്കാരിക്ക് (കോട്ടയം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ മുഖേന)

പകർപ്പ് :-

1) പ്രിൻസിപ്പാൾ, ക്ഷീരപരിശീലന കേന്ദ്രം, കോട്ടയം (പ്രീ-എൻടി പരിശീലനത്തിൽ പ്രവേശിക്കുന്ന അവസരത്തിൽ ഉദ്യോഗാർത്ഥി സമർപ്പിച്ചിരുന്ന തിരിച്ചറിയൽ രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്. ആയതിന്റെ പകർപ്പുകൾ താങ്കളുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

2) ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.

3) ക്ഷീരവികസന ഓഫീസർ, പാമ്പാടി ക്ഷീരവികസന യൂണിറ്റ്, കോട്ടയം.

4) ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്)

6) ഡെപ്യൂട്ടി ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്, എക്സ്റ്റൻഷൻ, ഐ.ടി. സെൽ)

7) ഡെപ്യൂട്ടി ഡയറക്ടർമാർ (മറ്റ് 13 ജില്ലാ കാര്യാലയങ്ങൾ) (അറിവിലേക്കായി)

8) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

9) സീനിയർ സൂപ്രണ്ട് (ഇ. ഇ.എസ്. സെക്ഷനുകൾ)

10) ക്ഷീരവികസന ഓഫീസർ, ഡി.റ്റി.സി. തിരുവനന്തപുരം (വെബ്-സൈറ്റ് അപ്ഡേഷനായി)

11) ഇ.എസ്.1 സീറ്റ്.

12) സഞ്ചയം DDDKER/3052/2022-E1

13) സഞ്ചയം.

14) ശേഖരസഞ്ചയം.